## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4480 25.10. 2016 ൽ മറുപടിക്ക്

### ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.കെ.ആൻസലൻ<br>"പി.ടി.എ.റഹീം<br>"ആന്റണി ജോൺ. | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്ത് കാര്യക്ഷമമായ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) സംസ്ഥാനത്ത് കാര്യക്ഷമമായ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഇ.എം.സി. താഴെപ്പറയുന്ന കർമ്മ പദ്ധതികൾ നടത്തിവരുന്നു.<br><br>• ഗാർഹിക മേഖലയിൽ ഊർജ്ജ ക്ലിനിക്, പൊതുജനബോധവൽക്കരണ പരിപാടിയായ ഊർജ്ജകിരൺ . ഊർജ്ജക്ലിനിക് വനിതാ വാളണ്ടിയർമാർ മുഖേനയും ഊർജ്ജ കിരൺ പരിപാടി സർക്കാരിതരസംഘടനകൾ, പൊതുജനവായനശാലകൾ, മറ്റു സംഘടനകൾ വഴി പരിശീലനം ലഭിച്ച പരിശീലകർ മുഖാന്തിരവും നടത്തിവരുന്നു.<br>• വ്യവസായ മേഖലയിൽ ഊർജ്ജ ഓഡിറ്റിങ്ങ് നിർബന്ധമാക്കിയിട്ടുണ്ട്. അതിനായി എനർജി ഓഡിറ്റിങ്ങ് ഏജൻസികളെ എംപാനൽ ചെയ്തിട്ടുണ്ട്. കൂടാതെ പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾക്കും, ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും വേണ്ടി പ്രാഥമിക ഊർജ്ജ ഓഡിറ്റിംഗ്, ഊർജ്ജ ഓഡിറ്റ് സബ്സിഡി,, സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ ഓഡിറ്റിങ്ങ്, എന്നിവയാണ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ.<br>• സർക്കാർ കെട്ടിടങ്ങളിൽ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി ഊർജ്ജ ഓഡിറ്റ് നടത്തി കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പദ്ധതി .<br>• ഊർജ്ജസംരക്ഷണ നിയമം 2001 അനുസരിച്ചുള്ള ഊർജ്ജസംരക്ഷണ ബിൽഡിംഗ് കോഡ് നടപ്പിലാക്കുന്നതിനായി കേരള ഊർജ്ജസംരക്ഷണ ബിൽഡിംഗ് കോഡ് തയ്യാറാക്കി വരുന്നു.<br>• തെരുവുവിളക്കുകൾ ഊർജ്ജകാര്യക്ഷമമാക്കി വൈദ്യുതി |

| | |
|---|---|
| | ഉപയോഗം കുറയ്ക്കുന്നതിനായി എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിച്ചു..<br>• വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ തലത്തിൽ സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ ബോധവല്ക്കരണ പദ്ധതി നടപ്പിലാക്കി വരുന്നു.<br>• ഇ.എം.സി യിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകർ, വിദ്യാർത്ഥികൾ, ലൈബ്രേറിയൻമാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ സാങ്കേതിക ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് ഊർജ്ജ സംരക്ഷണ പരിശീലന പരിപാടി.<br>സംസ്ഥാനത്ത് കാര്യക്ഷമമായ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് താഴെ പറയുന്ന കർമ്മ പദ്ധതികളാണ് KSEB ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്.<br>1. <u>ഇ.സി.ഇ.ഇ. (എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി)</u><br>2. <u>2016-17 ലെ ബജറ്റിൽ പ്രഖ്യാപിച്ച സാധാരണ ബൾബുകളും സി.എഫ്.എൽ.കളും മാറ്റി എൽ,ഇ,.ഡി. വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി.</u><br>3. <u>ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്)</u><br>4. <u>കെ.എസ്.ഇ.ബി.എൽ,ന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവ് (IB) കളിൽ സോളാർ ഹീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി.</u><br>5. <u>വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ എനർജി എഫിഷ്യന്റ് ആക്കി ഊർജ്ജം സംരക്ഷിക്കുന്നതിനുള്ള പദ്ധതി.</u><br>6. <u>എനർജി ഓഡിറ്റിംഗ്</u><br><u>7കാർഷിക മേഖലയിൽ നിലവിലുള്ള പെട്ടി-പറ പമ്പിംഗ് സംവിധാനം മാറ്റി, ഊർജ്ജക്ഷമതയുള്ള പമ്പുകൾ സ്ഥാപിക്കുന്ന പദ്ധതി</u> |
| (ബി)വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനായി 'സ്മാർട്ട് എനർജി പ്രോഗ്രാം' നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഉണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ വിദ്യാർത്ഥികൾക്കായി എനർജി കോൺഗ്രസ്സ് നടത്തി വരുന്നു. എസ്.ഇ.പി 2015-16 ന്റെ ഭാഗമായി 41 വിദ്യാഭ്യാസ ജില്ലകളിൽ 1561 സ്കൂളുകളെ ഉൾപ്പെടുത്താൻ സാധിച്ചു. ഏകദേശം 78,050 കുട്ടികൾക്ക് ഹൈസ്കൂൾ, യു.പി തലങ്ങളിൽ നിന്നായി |

| | |
|---|---|
| | ബോധവൽക്കരണം നൽകി. ഒരു റവന്യൂ ജില്ലയിൽ 5 സ്കൂളുകൾ എന്ന നിലയിൽ 70 സ്കൂളുകളെ ഊർജ്ജസംരക്ഷണ വിദ്യാഭ്യാസ സ്ഥാപനമായി മാറ്റുന്നതിന്റെ ഭാഗമായി 25000 രൂപയോളം വില വരുന്ന ഉപകരണങ്ങൾ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഈ വർഷം 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നും 150 സ്കൂളുകൾ എന്ന നിലയ്ക്ക് 6150 സ്കൂളുകളെയാണ് സ്മാർട്ട് എനർജി പ്രോഗ്രാമിൽ എൻറോൾ ചെയ്യാൻ ലക്ഷ്യം വച്ചിട്ടുള്ളത്. ഇതിൻപ്രകാരം 307500 കുട്ടികളെയാണ് ഊർജ്ജസംരക്ഷണ ബോധവൽക്കരണം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) ഇതിനെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുവാനുദ്ദേശിച്ചുകൊണ്ടുള്ള 'ഊർജ്ജകിരൺ' പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (സി) പൊതുജനങ്ങളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിലേയ്ക്കായി സർക്കാരിതര സംഘടനകൾ മുഖാന്തരം നടത്തുന്ന ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടിയാണ് ഊർജ്ജകിരൺ. എല്ലാ നിയോജകമണ്ഡലങ്ങളിലും കുറഞ്ഞത് ഒരു ബോധവൽക്കരണ പരിപാടി എന്ന നിലയ്ക്ക് 192 പരിപാടി കേരളമൊട്ടാകെ നടത്തുകയുണ്ടായി. ഊർജ്ജകിരൺ പദ്ധതിയുടെ കീഴിൽപരിശീലനപരിപാടികൾ നടത്തുന്നതിലേയ്ക്കായി കേരളത്തിലുടനീളം 117 റിസോഴ്സ് പേഴ്സണുകൾക്ക് ഇ.എം.സി പരിശീലനം നൽകി. ഈ വർഷം വിവിധ എൻ.ജി.ഒ കൾ വഴി 143 റിസോഴ്സ് പേഴ്സണുകൾക്ക് പുതുതായി പരിശീലനം നൽകുവാൻ പദ്ധതിയുണ്ട്. മൂന്ന് പഞ്ചായത്തുകളിൽ ഒരു പരിപാടി എന്ന നിലയ്ക്ക് ഈ വർഷം ഈ പദ്ധതി വിപുലപ്പെടുത്താൻ പദ്ധതിയുണ്ട്. പ്രസ്തുത ബോധവൽക്കരണ പരിപാടിയുടെ തുടർ പ്രവർത്തനം എന്ന നിലയ്ക്ക് അതാത് പ്രദേശത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുവാൻ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച സംഘാടകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) വീട്ടമ്മമാർക്ക് ഇതിനെക്കുറിച്ച് അവബോധം നൽകുന്നതിനായി പരിശീലനം ലഭിച്ച വനിതാ വോളണ്ടിയർമാർ നടത്തുന്ന എനർജി ക്ലിനിക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) വീട്ടമ്മമാർക്ക് ഊർജ്ജസംരക്ഷണ അവബോധം വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജക്ലിനിക് പ്രോഗ്രാം നടത്തിവരുന്നു. ഊർജ്ജക്ലിനിക്കിന്റെ ഭാഗമായി ഊർജ്ജസംരക്ഷണ അനിമേറ്റർമാർ (സ്ത്രീകൾ) വീടുകൾ സന്ദർശിക്കുകയും വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന്റെ ന്യൂനതകൾ മാറ്റി ശരിയായ രീതി നിർദ്ദേശിക്കുകയും ചെയ്യുന്നു. ഈ പദ്ധതിയിൻ കീഴിൽ 430 എനർജി ക്ലിനിക്ക് വോളണ്ടിയർമാർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിച്ചുവരുന്നു. കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ഒരു എനർജി ക്ലിനിക്ക് വോളണ്ടിയറിന്റെ സേവനം എത്തിക്കുന്നതിലേയ്ക്കായുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ